(സി) ബൻപുത്തടുക്ക എസ്.ഡി.എ. യു.പി. സ്കൂളിൽ 2007-ൽ ആരംഭിച്ച മലയാളം പാരലൽ ഡിവിഷന് അംഗീകാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ഇ) ഈ സ്കൂളിലെ മലയാളം പാരലൽ ഡിവിഷന് എന്നത്തേയ്ക്ക് അംഗീകാരം കൊടുക്കുമെന്ന് അറിയിക്കുമോ ;

(എഫ്) കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും സ്കൂളിൽ മലയാളം പാരലൽ ഡിവിഷന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ജി) എങ്കിൽ ഏത് സ്കൂളിലാണെന്നും എന്നാണ് അംഗീകാരം കൊടുത്തതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി&ഇ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂളുകൾ അനുവദിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് കേരള വിദ്യാഭ്യാസചട്ടം 7A അദ്ധ്യായം VIII പ്രകാരം ടി സ്കൂളിൽ മലയാളം മീഡിയം ഡിവിഷൻ ആരംഭിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്. ഈ കാര്യം 27-11-2010-ലെ 51840/എഫ്2/09/പൊ.വി. നമ്പർ കത്ത് പ്രകാരം സ്കൂൾ മാനേജരെ അറിയിച്ചിട്ടുണ്ട്.

(എഫ്&ജി) വിവരം ശേഖരിച്ചു വരുന്നു.

അദ്ധ്യാപകർക്കുള്ള ഇൻസ്പ്ലോർ പദ്ധതി

33(722) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകർക്കുള്ള ഇൻസ്പ്ലോർ പദ്ധതി എന്നാണ് വിഭാവനം ചെയ്തത് ; പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എത്ര തുകയാണ് ബഡ്ജറ്റിൽ നീക്കിവച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി ഇതിനോടകം നടപ്പിൽ വരുത്താൻ കഴിഞ്ഞുവോ ; എങ്കിൽ എന്നുമുതലാണ് പദ്ധതി പ്രാബല്യത്തിൽ വന്നത് ;

(ഡി) ഇൻസ്പ്പോർ പദ്ധതിയിൽ ഭാഗഭാക്കാകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അദ്ധ്യാപകർക്കുള്ള ഇൻസ്പ്പോർ പദ്ധതി 13-9-2010-നാണ് വിജ്ഞാപനം ചെയ്തത്. കുട്ടികൾക്ക് പ്രാഥമിക ശാസ്ത്രത്തെക്കുറിച്ചും അതിന്റെ അവസരങ്ങളെക്കുറിച്ചും പരിചയപ്പെടുത്തുന്നതിന് അദ്ധ്യാപകർക്ക് നൽകുന്ന പരിശീലന പദ്ധതിയാണിത്. താത്പര്യമുള്ള കുട്ടികൾക്കും ഈ പദ്ധതിയിൽ പരിശീലനം നൽകുന്നതാണ്. സയൻസ് കോളേജും കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെയും സംയുക്ത സംരംഭമാണിത്.

(ബി) ഇൻസ്പ്പോർ പദ്ധതിക്കുവേണ്ടി ഈ സാമ്പത്തിക വർഷം (2010-11) അനുവദിച്ചത് 45 ലക്ഷം രൂപയാണ്. ഇത് ഇൻകൽകേറ്റ് പദ്ധതിയുടെ ഒരു ഭാഗമാണ്.

(സി) ആരംഭിക്കുവാൻ കഴിഞ്ഞു. 2011 ജനുവരി 24, 25 തീയതികളിൽ കേരളത്തിലുള്ള വിവിധ ജില്ലകളിൽ നിന്നും ഒരു ജില്ലയ്ക്ക് 4 ആർട്സ് ആന്റ് സയൻസ് കോളേജ് അദ്ധ്യാപകരെ വീതം സെലക്ട് ചെയ്ത് അവർക്ക് 2 ദിവസത്തെ പരിശീലനം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ജവർഹർലാൽ നെഹ്റു സെന്റർ ഫോർ അഡ്വാൻസ്ഡ് സയന്റിഫിക് റിസർച്ച്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, നാഷണൽ കെമിക്കൽ ലബോറട്ടറി, NIIST, IISER മുതലായ സ്ഥാപനങ്ങളിൽ നിന്നും വിദഗ്ദ്ധരെ വച്ചു പരിശീലനം നടത്തി.

(ഡി) ശാസ്ത്രം പഠിക്കാൻ താൽപ്പര്യമുള്ള എല്ലാ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരിശീലനം കൊടുക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി www.insplore.in എന്ന വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്.

കുഞ്ഞോം സർക്കാർ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

34(723) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവ. എൽപി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വയനാട് ജില്ലയിലെ കുഞ്ഞോം സർക്കാർ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly